# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 85      30.06.16 -ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജ്

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്
ശ്രീ.വി.എസ്.അച്യുതാനന്ദൻ
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.ആർ.രാജേഷ്

**മറുപടി**

ശ്രീ. മാത്യു.ടി തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) കുട്ടനാട് പാക്കേജ് പ്രകാരം ജലവിഭവ വകുപ്പ് വഴി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനായിരുന്ന കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(എ) പ്രൊഫസർ എം.എസ്.സ്വാമിനാഥൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ കുട്ടനാട് പാക്കേജ്, 2008 ൽ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും, നിലവിലുള്ള സ്കീമുകൾക്ക് അനുസൃതമായി പദ്ധതി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതിന് തീരുമാനമാവുകയും ചെയ്തു. കുട്ടനാട് പാക്കേജ് 75% കേന്ദ്ര വിഹിതവും 25% സംസ്ഥാനവിഹിതവുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കെ.ഇ.എൽ-1 നെടുമുടി പഞ്ചായത്തിലെ 11 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 24.7 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി 28.01.2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് പ്ലാനിംഗ് ബോർഡിന്റെ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് 24.76 കോടി രൂപയ്ക്ക് 5.5.2010-ൽ ലഭിക്കുകയും ചെയ്തു.

**കെ.ഇ.എൽ-2** കായൽനിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷിക്കുന്നതിനായി 118.913 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് 12.05.2010-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് 30/07/2010-ൽ പ്ലാനിംഗ് ബോർഡിന്റെ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചു.

**കെ.ഇ.എൽ - 3** 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി 4.01.2011-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 18.8.2011-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി 379.05 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും തുടർന്ന് പ്ലാനിംഗ് ബോർഡിന്റെ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് 30.05.2011-ൽ 106.13 കോടി രൂപയ്ക്ക് ലഭിക്കുകയും ചെയ്തു.

**ഓണാട്ടുകര-(കെ.ഇ.എൽ- 4)**

ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി 17/08/2011-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 15/12/2011-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അതിൽ 70 കോടിയ്ക്ക് 09/11/2011-ൽ അംഗീകാരം നൽകുകയും ചെയ്തു.

**കേന്ദ്രാനുമതി ലഭിക്കേണ്ട പദ്ധതികൾ**

**തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം**

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിനുള്ള 255.335 കോടി രൂപ യുടെ പദ്ധതി റിപ്പോർട്ട് ഗവൺമെന്റ്

തത്വത്തിൽ അംഗീകരിക്കുകയും ഫ്ലഡ് മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതി ലഭിക്കുന്നതിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം**

തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിന് 47 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് സ്റ്റേറ്റ് ടി.എ.സി അംഗീകരിച്ചു. പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

**കുട്ടനാട് താലൂക്കിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതി**

ഈ പ്രവൃത്തിയുടെ പദ്ധതി റിപ്പോർട്ട് സ്റ്റേറ്റ് ടി.എ.സി അംഗീകരിച്ചു. പദ്ധതി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ പുരോഗതിയും പദ്ധതി ലക്ഷ്യമിട്ടതു പോലെ പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ; പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ എത്ര തുക വീതം അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചകൾ വിശകലനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങളിലും, പ്രവൃത്തികൾ ടെണ്ടർചെയ്ത് കരാറിലേർപ്പെടുന്നതിലും നേരിട്ട കാലതാമസവും പ്രവൃത്തികളിലുണ്ടായ തടസ്സങ്ങളും ബുദ്ധിമുട്ടുകളും കൊണ്ട് പാക്കേജിന്റെ ലക്ഷ്യങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല.

നടപടിക്രമങ്ങളുടെ കാലതാമസം

വിശദമായ പദ്ധതിരേഖ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതിനുശേഷം കെ.ഇ.എൽ-3, ഓണാട്ടുകര എന്നീ പദ്ധതികൾ കേന്ദ്ര ജലവിഭവ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു കാത്ത് നിന്നതിനാലും പാടശേഖരങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്ഷണിച്ചതുമൂലവും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ വിസമ്മതിച്ചതിനാലും കാലതാമസം ഉണ്ടായി. ടി പ്രവൃത്തികൾ വീണ്ടും ടെൻഡർ ചെയ്യുന്ന അവസരത്തിൽ

പൊതുമരാമത്ത് നിരക്കുകൾ പുനർനിർണ്ണയിച്ചതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ട സാഹചര്യവും കാലതാമസത്തിന് കാരണമായിട്ടുണ്ട്.

കെ.ഇ.എൽ-3, ഓണാട്ടുകര, കുട്ടനാട് താലൂക്ക് എന്നീ പദ്ധതികളുടെ പാടശേഖരങ്ങളുടെ പ്രവർത്തികൾക്കുള്ള ആദ്യ ദർഘാസിന് കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടു.

കെ.ഇ.എൽ-2, തണ്ണീർമുക്കം എന്നീ പദ്ധതികൾക്ക് കരാറുകാർ തമ്മിലുള്ള തർക്കം കോടതി വ്യവഹാരത്തിലേയ്ക്ക് നയിച്ചതിനാൽ കരാറിലേർപ്പെടുന്നതിന് കാലതാമസം നേരിട്ടു.

സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം നിർമ്മാണ പ്രവൃത്തികൾ സാദ്ധ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ വൈകാൻ ഇടയായിട്ടുണ്ട്. കൂടാതെ കൃഷിചെയ്യുന്ന പാടശേഖരങ്ങളിൽ കൃഷിയേയും അനുബന്ധ പ്രവൃത്തികളേയും ബാധിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തികൾ തടസ്സപ്പെടുന്നു. മോട്ടോർത്തറകളുടെയും മോട്ടോർപുരകളുടെയും നിർമ്മാണം കൃഷി നടക്കുമ്പോഴും കൃഷി ഒരുക്കുവാൻ വേണ്ടി വെള്ളം വറ്റിക്കുന്ന സമയത്തും നടത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഒരു വർഷത്തിൽ ഏകദേശം മൂന്ന് മാസം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി ലഭിക്കാറുള്ളൂ.

പാടശേഖരങ്ങളിലേയ്ക്കുള്ള സാധന സാമഗ്രികളുടെ നീക്കം ഇടുങ്ങിയതും പോള നിറഞ്ഞതുമായ തോടുകളിലൂടെ ആയതിനാലും നിർമ്മാണം മന്ദഗതിയിലാകുന്നു. നിർമ്മാണ പ്രവൃത്തികൾ വീതികുറഞ്ഞ പുറം ബണ്ടുകളിലായതിനാൽ സാധനസാമഗ്രികൾ (പ്രത്യേകിച്ച കരിങ്കല്ല്) സംഭരിക്കുവാനുള്ള കടവുകളുടെ അഭാവം, സാധനസാമഗ്രികൾ പണിസ്ഥലത്ത് സംഭരിക്കുവാൻ ഉള്ള

സ്ഥലപരിമിതി, കർഷകരുടെയും തദ്ദേശ വാസികളുടെയും എതിർപ്പ് , നിലവിൽ റോഡ് സൗകര്യം ഉള്ളിടത്ത് ചെളികൊണ്ട് ബണ്ടുയർത്തുന്നതിൽ തദ്ദേശ വാസികളുടെ എതിർപ്പ്, വെള്ളത്തിൽനിന്നുകൊണ്ട് കല്ലടുക്കിപ്പണിയുവാൻ വൈഭവമുള്ള തൊഴിലാളികളുടെ ദൗർലഭ്യം, പാറമടകളുടെ നിരോധനത്തെ തുടർന്നുള്ള കരിങ്കല്ലിന്റെ ലഭ്യതക്കുറവ് എന്നിവയെല്ലാം പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം സൃഷ്ടിച്ചു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ചതുകയുടെയും ചിലവഴിച്ചതുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പദ്ധതി നടത്തിപ്പിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ല.

| | |
|---|---|
| (സി) കുട്ടനാട് പാക്കേജ് തുടരേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ കാരണമെന്തെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; പാക്കേജ് വേണ്ടെന്ന് വെച്ചാൽ പദ്ധതി പൂർത്തീകരിക്കുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ? | (സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ അറിയിപ്പുകൾ ഒന്നും തന്നെ ജലവിഭവ വകുപ്പിന് ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയും, ചിലവഴിച്ചതുകയും ചുവുടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ തുക | അംഗീകാരം ലഭിച്ച തുക | കേന്ദ്ര വിഹിതം | സംസ്ഥാനവിഹിതം | ലഭിച്ച കേന്ദ്ര വിഹിതം | ലഭിച്ച സംസ്ഥാനവിഹിതം | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | | ലഭിച്ചത് കോടിയിൽ | | | ചെലവ് കോടിയിൽ | | |
| കെ.ഇ.എൽ 1 | 24.70 | 24.70 | 18.52 | 6.175 | 9.9063 | 7.163 | 17.07 |
| കെ.ഇ.എൽ 2 | 118.913 | 118.913 | 89.1848 | 29.7282 | 65.8643 | 53.8293 | 119.6936 |
| കെ.ഇ.എൽ 3 | 379.05 | 106.13 | 78.59 | 26.54 | 31.875 | 47.28 | 79.15 |
| കെ.ഇ.എൽ 4 | 248.39 | 70 | 52.50 | 17.50 | 11.25 | 10.10 | 21.35 |
| TMB * | 255.335 | | | | | 89.82 | 89.82 |
| TSW * | 47 | | | | | 5.64 | 5.64 |
| കുട്ടനാട് താലൂക്ക് | 1212.45 | | | | | 52.34 | 52.34 |

JSK/